പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2441

17-08-2017 ലെ
മറുപടി

## സംസ്ഥാനത്തെ ജല ലഭ്യത പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശരാശരി മഴ ലഭ്യമായാൽ ലഭിക്കുന്ന ജലത്തിന്റെ അളവ് എത്രയാണ്; ഇതിൽ എത്ര ടി.എം.സി ജലം വിവിധ പദ്ധതികൾ വഴി സംസ്ഥാനത്തിനായി പ്രയോജന പ്പെടുത്താനാകുമെന്നും എത്ര ജലം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | നിലവിലെ കണക്ക് പ്രകാരം ആകെ ജലത്തിന്റെ അളവ് (yield) 2483.49 റ്റി.എം.സി.യും അതിൽ ഉപയോഗിക്കാവുന്ന ജലം (Utilisable yield) 1510.50 റ്റി.എം.സി.യുമാണ്. സംസ്ഥാനത്ത് ജലസേചന-ത്തിനുള്ള ഡാമുകളുടെ മൊത്തം സംഭരണശേഷി 1665.26 mm³ ആണ്. |
| (ബി) | ബാക്കി വരുന്ന ജലം പ്രയോജനപ്പെടുത്താൻ ഓരോ ജില്ലയിലും ആവിഷ്കരിക്കാൻ സാദ്ധ്യമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | Cauvery Water Dispute Tribunal അനുവദിച്ച ജലം പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ, വയനാട്, പാലക്കാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പത്തനംതിട്ടയിലെ പമ്പാനദിയിലുള്ള ടിൻ കല്ലാർ പദ്ധതിയാണ് സാദ്ധ്യതയുള്ള മറ്റൊരു വലിയ പദ്ധതി. കൂടാതെ സംസ്ഥാനമൊട്ടാകെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാല-ങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമ-മല്ലാത്തതുമായ തടയണകൾ, വെന്റഡ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ |

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ (ജലനിധി) ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി ഗ്രാമ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും, വിദ്യാലയങ്ങൾക്കും മഴവെള്ളം സംഭരിച്ചു ഉപയോഗിക്കാവുന്ന വിധം മഴവെള്ള സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങളും നടത്തിവരുന്നു. ഇപ്രകാരം മഴയിലൂടെ ലഭിക്കുന്ന ജലം പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ എടുക്കുന്നുണ്ട്. മഴവെള്ളം പ്രയോജനപ്പെടുത്താൻ ജലനിധി പദ്ധതിയിൽ ജലനിധി സ്രോതസ്സുകൾക്ക് കിണർ റീചാർജ്ജ്, ചെക്ക്ഡാം മുതലായവ മുഖേന ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**